**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -ലൈഫ് മിഷൻ പദ്ധതി-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം. 137/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 24/09/2018**

==================================================================

പരാമർശം: 1. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 02.08.2018-ലെ 260/ഇ.ജി.എസ്.സി./17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.09.2018-ലെ ലൈഫ് എൽ.എഫ് 2/622/2018 നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം നിർമ്മിച്ചു നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ലൈഫ് മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം ലൈഫ് മിഷൻ ലക്ഷ്യമിടുന്ന 1,63,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ഒരു വീടിന് 1400 കട്ടകൾ എന്ന കണക്കിൽ 20 കോടി കട്ടകളാണ് ആവശ്യമായി വരിക. കൂടാതെ കട്ടിളകൾ, ജാളികൾ മുതലായ മറ്റ് ഭവനനിർമ്മാണ സാമഗ്രികളും ആവശ്യമായി വരുന്നതാണ്. ഈ സാഹചര്യത്തിൽ അധികമായി കട്ടകൾ, മറ്റ് ഭവനനിർമ്മാണ സാമഗ്രികൾ എന്നിവ ലഭ്യമാക്കിയാൽ മാത്രമെ വീടുകൾ മുഴുവൻ പൂർത്തീകരിക്കാനാകൂ. ഇതിന് നിലവിലുള്ള വിവിധ പദ്ധതികളുമായി സംയോജിച്ച്, ഭവനനിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച്, കെട്ടിട നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടിയിരിക്കുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭിപ്രായവും ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിയ്ക്കായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങുന്നത് സംബന്ധിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**മിനിമോൾ അബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ ജില്ലാ കലക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.03.28 10:29:33 IST
Reason: Approved
സെക്ഷൻ ഓഫീസർ

## ലൈഫ് മിഷൻ പദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ

ലൈഫ് മിഷൻ പദ്ധതിക്കായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവനനിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച്, കെട്ടിട നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### I. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഭവനനിർമ്മാണ സാമഗ്രി യൂണിറ്റുകൾ

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിച്ച് സൗജന്യമായി ലഭ്യമാക്കുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. ആയത് നടപ്പിലാക്കുന്നതിലൂടെ ദരിദ്രരായ ഭവനരഹിതർക്ക് അധികധനസഹായം ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

ഇത് പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്തുന്നതിന് തൊഴിലുറപ്പ് പദ്ധതിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൻറെ കൂട്ടിച്ചേർക്കലും ആവശ്യമാണ്. കൂടാതെ ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം/ബോധവൽക്കരണം നൽകേണ്ടതായുണ്ട്. പ്രസ്തുത സംരംഭം വിജയകരമായി നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങളെ അഞ്ച് ഘടകങ്ങളായി വേർതിരിക്കുന്നു.

1) ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലത്തിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കൽ
2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അടിസ്ഥാനസൗകര്യം ഒരുക്കലും യൂണിറ്റ് സ്ഥാപിക്കലും
3) പരിശീലനം
4) സാധനസാമഗ്രികളുടെ വാങ്ങൽ/ യൂണിറ്റുകളുടെ പ്രവർത്തനം
5) മോണിറ്ററിംഗ്/ വിലയിരുത്തൽ

#### 1) പ്രോജക്റ്റ് തയ്യാറാക്കലും അടിസ്ഥാന സൗകര്യമൊരുക്കലും

ആദ്യഘട്ടത്തിൽ ഓരോ ബ്ലോക്കിലും ഒരു നിർമ്മാണ യൂണിറ്റ് എങ്കിലും സ്ഥാപിച്ച് നിർമ്മാണം ആരംഭിക്കേണ്ടതാണ്. അയതിനാവശ്യമായ തുക താഴെ പറയും പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നും കണ്ടെത്താവുന്നതാണ്. പ്രോജക്റ്റ് തയ്യാറാക്കേണ്ടതിൻറെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | അടിസ്ഥാന സൗകര്യം | നിർവ്വഹണ ഉദ്യോഗസ്ഥൻ | സാമ്പത്തിക സ്രോതസ്സ് | റിമാർക്ക് |
|---|---|---|---|---|
| 1 | Work shed and water tank | സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് | വികസന ഫണ്ട്/തനത് ഫണ്ട് | നിലവിൽ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിന് വർക്ക് ഷെഡ് ഉള്ള സ്ഥലങ്ങളിൽ വാട്ടർ ടാങ്ക് മാത്രം മതിയാകും |
| 2 | (A) Hydraulic Machine cum vibrator<br>(B) Die set (സ്പെസിഫിക്കേഷൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് | വികസന ഫണ്ട്/തനത് ഫണ്ട് | |

| | | | | |
|---|---|---|---|---|
| | പ്രാദേശിക തലത്തിൽ തീരുമാനിക്കാവുന്നതാണ്) | | | |
| | (C) Mixer Machine -3Hp(1 bag) | | | |
| | (D)2 Nos trolley | | | |
| 3 | (A) Electrification in building | സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് | വികസന ഫണ്ട്/തനത് ഫണ്ട് | |
| | (B) For additional cost for Electric post/Deposit amount to KSEB | | | |
| 4 | (A) Well construction | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | വികസന ഫണ്ട്/തനത് ഫണ്ട് | |
| | (B)Pump set | സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് | | |
| 5 | Identity card, Glouse, Mask, Uniform | സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് | വികസന ഫണ്ട്/തനത് ഫണ്ട് | |

സാങ്കേതിക കാര്യങ്ങളിൽ MGNREGS എഞ്ചിനീയറുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

**a)** 2018-19-ലെ പദ്ധതി ഭേദഗതി ചെയ്ത് അഞ്ച് ഘടകങ്ങളായി ഉൾക്കൊള്ളിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി നൽകാവുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വനിതാ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് പ്രവൃത്തിചെയ്യുന്നതെങ്കിൽ പ്രോജക്ടിനാവശ്യമായ തുക വനിതാഘടക പദ്ധതിയിൽ വകയിരുത്താവുന്നതാണ്.

**b)** ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടു വരുന്ന ഒരു ഗ്രാമപഞ്ചായത്തിൽ എങ്കിലും നിർമ്മാണ സാമഗ്രി യൂണിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇത്തരത്തിൽ യൂണിറ്റുകൾ ആരംഭിക്കുന്നു എന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി സംയുക്തമായോ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നേരിട്ടോ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ ആരംഭിക്കുന്ന യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള തുകയാണ് ബ്ലോക്ക് പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടത്. നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാധന/വേതന ചെലവുകൾ യൂണിറ്റ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിൻറെ തൊഴിലുറപ്പ് പദ്ധതിയിലെ ചെലവുകളിൽ നിന്നും വഹിക്കേണ്ടതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന യൂണിറ്റുകളിൽ നിർമ്മിക്കുന്ന നിർമ്മാണ സാമഗ്രികൾ ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ടു വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കാവുന്നതാണ്. ബ്ലോക്ക് പരിധിയിൽ ആരംഭിക്കുന്ന യൂണിറ്റുകളുടെ മേൽനോട്ട/ഏകോപന ചുമതല ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിക്കേണ്ടതാണ്.

**c)** സ്വന്തമായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്ഥലം ഇല്ലാതിരിക്കുകയും ലഭ്യമായ സ്ഥലം ഇതിലേക്ക് അഭികാമ്യമല്ലാത്ത അവസരത്തിലും ജില്ലാ പഞ്ചായത്തിന്റെയോ, വകുപ്പുകളുടെയോ കൈവശമുള്ള സ്ഥലത്ത് ബന്ധപ്പെട്ടവരുടെ അനുമതിയോടെ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഈ സ്ഥലത്തിൻറെ ഉടമസ്ഥാവകാശം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതില്ല.

**d)** ലൈഫ് പദ്ധതിക്കായി നിർബന്ധമായും നീക്കിവെക്കേണ്ട 20% ൽ ഉപരിയായ തുകയാണ് തദ്ദേശ ഭരണ സ്ഥാപനം ഈ പദ്ധതിക്കായി നീക്കി വെക്കേണ്ടത്.

**2) പരിശീലനം**

a) നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർമാർക്ക് കില/ നിർമ്മിതികേന്ദ്രം മുഖേന പരിശീലനം നൽകേണ്ടതാണ്.

b) ജനപ്രതിനിധികൾക്ക് കില മുഖേന പരിശീലനം നൽകാവുന്നതാണ്.

c) തൊഴിലാളികൾക്ക് നിർമ്മിതികേന്ദ്രം മുഖേനയോ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ സാങ്കേതിക പരിശീലനം നൽകേണ്ടതാണ്.

d) ട്രെയിനിംഗ് ഫീസ് ഇനത്തിൽ പരിശീലനം നൽകുന്ന യൂണിറ്റിന് ദിവസം 1000 രൂപ നിരക്കിൽ 2 ദിവസത്തേക്ക് 2000 രൂപ അനുവദിക്കാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് പരമാവധി 2 ദിവസത്തെ പരിശീലനം നൽകേണ്ടതും ഒരു ദിവസത്തേക്ക് 300 രൂപ നിരക്കിൽ സ്റ്റൈപെൻറ് നൽകാവുന്നതുമാണ്. ഇതിലേക്കാവശ്യമായി വരുന്ന തുക തനതു ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്. ജില്ലയിൽ എവിടെയെങ്കിലും സർക്കാർ തലത്തിൽ നിർമ്മാണ സാമഗ്രി യൂണിറ്റ് പ്രവർത്തിക്കുന്ന പക്ഷം തൊഴിലാളികൾക്കുള്ള പരിശീലനം സൗജന്യമായി അവിടെനിന്നും ലഭ്യമാക്കേണ്ടതാണ്.

e) ലഭ്യമായ തൊഴിലാളികളെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പുകൾ രൂപീകരിച്ച് 100 ദിവസവും തൊഴിൽ നൽകുന്നതിന് കഴിയുന്നതാണ്.

f) തൊഴിലുറപ്പ് പദ്ധതിയിൽ ഒരു തൊഴിലാളിക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ മാത്രമേ ലഭിക്കു എന്നതിനാൽ നിർമ്മാണ സാമഗ്രി യൂണിറ്റ് വർഷം മുഴുവൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായത്ര തൊഴിലാളികളെ പരിശീലിപ്പിച്ച് വിന്യസിക്കേണ്ടതാണ്.

**3) സാധനസാമഗ്രികളുടെ വാങ്ങൽ**

ഭവനനിർമ്മാണത്തിന് ആവശ്യമായി വരുന്ന കട്ട, കട്ടിള, ജാളി തുടങ്ങിയ നിർമ്മാണസാമഗ്രികൾ ഉല്പാദിപ്പിക്കുവാൻ വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളായ സിമൻറ്, പാറപ്പൊടി മറ്റ് സാധനസാമഗ്രികൾ തുടങ്ങിയവ വാങ്ങുന്നതിന് ചുവടെപ്പറയുന്ന ഭേദഗതികളോടെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പ്രൊക്യൂർമെൻറ് ചട്ടങ്ങൾ *(സ.ഉ.(കൈ)നം.93/2012.ത.സ്വ.ഭ.വ തീയതി 31.03.2012)* ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ബാധകമാക്കേണ്ടതാണ്. എന്നാൽ കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന /പ്രവർത്തിപ്പിക്കുന്ന യൂണിറ്റുകൾക്കും ഇത് ബാധകമായിരിക്കുന്നതാണ്.

a) വേതന-സാധന അനുപാതം 60:40 എന്നത് ജില്ലാ തലത്തിൽ പാലിച്ചാൽ മതിയാകുന്നതാണ്.

b) ഗ്രാമപഞ്ചായത്ത് തല പ്രൊക്യൂർമെൻറ് കമ്മിറ്റി മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള ഏജൻസികളെയും അവർ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നിരക്കുകളും ടെണ്ടർ നടപടിയിലൂടെ കണ്ടെത്തി എംപാനൽ ചെയ്യേണ്ടതാണ്. ഇപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന ഏജൻസിക്കും നിരക്കിനും ഒരു വർഷത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

c) പ്രൊക്യൂർമെൻറ് കമ്മിറ്റി യഥാസമയം ചേർന്ന് ഇക്കാര്യത്തിൽ ആവശ്യമായനടപടികൾ സ്വീകരിക്കേണ്ടതാണ് .

d) ഒരുവർഷത്തേക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികളുടെ ആവശ്യകത കണക്കാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിൽ എംപാനൽ ചെയ്യുന്ന ഏജൻസികളുമായി തദ്ദേശസ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതും നിശ്ചിത അളവിലും നിരക്കിലും സാധനസാമഗ്രികൾ ലഭ്യമാകും എന്ന് ഉറപ്പാക്കേണ്ടതുമാണ്.

e) ഇപ്രകാരം ഗ്രാമപഞ്ചായത്തുതല പ്രൊക്യൂർമെൻറ് കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കുപ്രകാരം എംപാനൽഡ് ഏജൻസികളിൽ നിന്നും നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് നിശ്ചിത കാലയളവിലേയ്ക്ക് ആവശ്യമായ സാധനം എത്രയെന്ന് കണക്കാക്കി ഗ്രാമപഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ നിർമ്മാണസാമഗ്രി യൂണിറ്റുകൾ ആവശ്യമായ സാധനം നേരിട്ട് സപ്ലൈ ചെയ്യിക്കാവുന്നതും ആയതിൻറെ ബില്ല് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ട് പ്രസ്തുത തുക ഏജൻസികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ ഫണ്ടിൽ നിന്നും നിയമാനുസൃതം നൽകേണ്ടതുമാണ്.

f) സാധനസാമഗ്രികളുടെ സംഭരണം സംബന്ധിച്ച് അതതു യൂണിറ്റുകൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. സാധനസാമഗ്രികൾ സ്റ്റോക്ക് ചെയ്തുകഴിഞ്ഞ് ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

g) നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ മഹാത്മഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളെ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പിലാക്കേണ്ടത്. പ്രസ്തുത ഗ്രാമപഞ്ചായത്തിൽ

ഉൽപ്പാദിപ്പിക്കുന്ന നിർമ്മാണസാമഗ്രികൾ ബ്ലോക്ക് പരിധിയിലെ എല്ലാ ഗുണഭോക്താക്കൾക്കും തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സൗജന്യമായി നൽകേണ്ടതാണ്. എന്നാൽ 'handing charge' ഇനത്തിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ്. ഇത് ഒരു കട്ടയ്ക്ക് 10 രൂപ എന്ന നിരക്കിൽ നിന്നും അധികരിക്കാൻ പാടില്ലാത്തതാണ്. ഇത്തരത്തിൽ ഈടാക്കുന്ന തുക യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്.

h) ഓരോ ഗ്രാമപഞ്ചായത്തിലേയും അർഹരായ ഗുണഭോക്താക്കൾക്ക് അർഹമായ അളവിൽ സൗജന്യമായി നിർമ്മാണ സാമഗ്രികൾ പ്രസ്തുത യൂണിറ്റിൽ നിന്നും ലഭ്യമാകുന്നുവെന്ന് അതത് ഗ്രാമപഞ്ചായത്തുകൾ ഉറപ്പുവരുത്തേണ്ടതാണ്.

i) യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായി വരുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ മുൻകൂറായി വാങ്ങിയിരിക്കേണ്ടതാണ്. ആയതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

**4) മോണിറ്ററിംഗ്/ വിലയിരുത്തൽ**

നിർമ്മാണ സാമഗ്രി യൂണിറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലേക്കായി നാല് തലങ്ങളിലുള്ള മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

**a) ഗ്രാമപഞ്ചായത്ത് തലം**

ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റൻറ് സെക്രട്ടറി എന്നിവർ നിർവ്വഹിക്കേണ്ടതാണ്. ഇതിൻറെ മേൽനോട്ട ചുമതല ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയ്ക്കായിരിക്കും. നിർമ്മാണയൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓരോ മാസത്തെയും ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ സെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്. അവതരിപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ബി.പി.ഒയ്ക്ക് അയച്ചു നൽകേണ്ടതാണ്.

**b) ബ്ലോക്ക് തലം**

ബ്ലോക്ക് തലത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുന്നതിനും നിർവ്വഹണ പുരോഗതിയും വെല്ലുവിളികളും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുമായി ജനറൽ എക്സ്റ്റൻഷൻ ഓഫീസർ/ എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം)/ ജോയിൻറ് ബി.ഡി.ഒ (എംപ്ലോയ്മെൻറ് ഗ്യാരണ്ടി സ്കീം) എന്നിവരുടെ സേവനം വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതി ഇതിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

**c) ജില്ലാതലം**

ലൈഫ് മിഷൻ മറ്റ് പദ്ധതികളുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിനായി രൂപീകരിച്ച ജില്ലാതല സമിതി (ജില്ലാ കളക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ജോയിൻറ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ) ജില്ലാതല പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

**d) സംസ്ഥാനതലം**

ലൈഫ് മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നീ മിഷനുകളുടെ പ്രതിനിധികളടങ്ങുന്ന ഒരു പൊതുസമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്.

**II അനുബന്ധ നിർദ്ദേശങ്ങൾ**

1) നിർമ്മാണ യൂണിറ്റിൻറെ പ്രവർത്തനത്തിന് പരിശീലനം ലഭിച്ച തൊഴിൽ കാർഡ് ഉള്ള തൊഴിലാളികളെ ചുമതലപ്പെടുത്താവുന്നതും ഇവർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും വേതനം നൽകാവുന്നതുമാണ്. വേതനം കണക്കാക്കുന്നതും മറ്റ് നടപടിക്രമങ്ങൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിൻറെ പട്ടിക-I, ഖണ്ഡിക 5 പ്രകാരം അർഹരായ ഗുണഭോക്താക്കൾക്കാണ് ലൈഫ് മിഷൻ - MGNREGS സംയോജനത്തിൻറെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ നൽകേണ്ടത്. നിർമ്മാണ സാമഗ്രികൾ ഗുണഭോക്താവിന് സൗജന്യമായി ലഭിക്കുന്നത് സംബന്ധിച്ച വിവരം ഗുണഭോക്താവിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

2.എ) നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കുന്ന സ്ഥലത്ത് നിന്നും വീട് പണി നടത്തുന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനുള്ള ചെലവ് ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

3) ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ സാമഗ്രികളായ കട്ട, കട്ടിള, ജനൽ ഫ്രെയിം, ജാളി തുടങ്ങിയവ നിർമ്മിച്ച് നൽകാവുന്നതാണ്.

4) നിർമ്മാണ സാമഗ്രി യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിൻറെ ബ്ലോക്ക്തല ഏകോപനം ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ നിർവ്വഹിക്കേണ്ടതാണ്.

5) ഓരോ മാസവും ആവശ്യമായി വരാനിടയുള്ള ഭവനനിർമ്മാണ സാമഗ്രികളുടെ എണ്ണം മുൻകൂറായി കണക്കാക്കി ആ വിവരം നിർമ്മാണ യൂണിറ്റുകളെ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറിമാർ അറിയിക്കേണ്ടതാണ്.

6) ആവശ്യമുളള നിർമ്മാണ സാമഗ്രികളുടെ എണ്ണത്തിന് അനുസൃതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

7) മെറ്റൽ, സിമൻറ്, മണൽ തുടങ്ങിയവയുടെ Inventory Book അതത് ഭവനനിർമ്മാണ സാമഗ്രി നിർമ്മാണ യൂണിറ്റുകൾ നിർബന്ധമായി സൂക്ഷിക്കേണ്ടതും മേൽപ്പറഞ്ഞ നിർമ്മാണ വസ്തുക്കൾ യൂണിറ്റുകളിൽ ലഭ്യമാകുമ്പോൾ ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

8) ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിച്ചശേഷം, നിർമ്മിച്ച ഭവനനിർമ്മാണ സാമഗ്രികളുടെ എണ്ണം, ആയതിൽ ഉപയോഗിക്കുവാൻ സാധിക്കുന്നതും ഉപയോഗിക്കുവാൻ സാധിക്കാത്തതുമായവയുടെ എണ്ണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും ആയത് ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

9) നിർമ്മിക്കപ്പെടുന്ന ഭവനനിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, ബലം എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ പാടുള്ളൂ. ഇതിനായി പ്രദേശത്തുള്ള ഏതെങ്കിലും സാങ്കേതിക സ്ഥാപനം/ലൈഫ് മിഷൻ അക്രഡിറ്റ് ചെയ്തിട്ടുള്ള Third Party Technical Agency യുടെ സേവനം പ്രയോജനപ്പെടുത്തതാവുന്നതാണ്.

10) ഓരോ ഗുണഭോക്താവിനും നൽകുന്ന സാധനസാമഗ്രികളുടെ കണക്ക് കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് അവരുടെ ലൈഫ് ഗുണഭോക്തൃ കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനുളള മാതൃക അനുബന്ധമായി ചേർക്കുന്നു.

11) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന നിർമ്മാണ ചെലവുകൾക്കും യൂണിറ്റിൻറെ നടത്തിപ്പിനായി വേണ്ടിവരുന്ന ആവർത്തനചെലവുകളും (വൈദ്യുതി ചാർജ്ജ്, വാടക, അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് മുതലായവ) വികസന പദ്ധതിയിൽ നിന്നോ തനത്ഫണ്ട് വകയിരുത്തിയോ നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

12) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള നിർമ്മാണ യൂണിറ്റുകളിലെ ഉൽപാദനത്തിൽ വർദ്ധനവ് വരുത്തുന്നതിലേക്കായി ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ അടക്കമുള്ള മുഴുവൻ പ്രവർത്തനങ്ങൾക്കുമായി മേൽ പരാമർശിച്ച രീതിയിൽ പ്രോജക്ട് രൂപീകരിക്കാവുന്നതാണ്.

## III കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്ന ഭവനനിർമ്മാണ സാമഗ്രി യൂണിറ്റുകൾ

1) കുടുംബശ്രീ മുഖേന ആരംഭിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ ചുമതല/നടത്തിപ്പ് എന്നിവ പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകൾക്ക് ആയിരിക്കും. ഇതിനാവശ്യമായി വരുന്ന പരിശീലനം അതത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖേന നൽകേണ്ടതാണ്.

2) ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ കുടുംബശ്രീയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ആയിരിക്കണം രൂപീകരിക്കേണ്ടത്. ഇവർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരാണെന്നും കൂടാതെ തൊഴിൽ കാർഡ് ഉള്ളവരാണെന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

3) ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾക്ക്, സിമൻറ് ബ്രിക്കുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം യൂണിറ്റുകൾ കണ്ടെത്തേണ്ടതാണ്. അല്ലാത്തപക്ഷം അനുയോജ്യമായ സ്ഥലം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച് നൽകേണ്ടതാണ്. പഞ്ചായത്ത് രൂപീകരിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റുകളുടെ അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം, യന്ത്രസാമഗ്രികൾ വാങ്ങുന്നതിൻറെ ചെലവ് തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനമോ അതത് കുടുംബശ്രീ യൂണിറ്റുകളോ വഹിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന യൂണിറ്റുകളിലെ യന്ത്ര സാമഗ്രികളുടെ ഉടമസ്ഥാവകാശം യഥാക്രമം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ/ അതത് കുടുംബശ്രീ യൂണിറ്റുകൾക്കോ ആയിരിക്കുന്നതാണ്.

3(a) ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ്, കുടുംബശ്രീ മൈക്രോ സംരംഭം എന്ന നിലയിൽ കുടുംബശ്രീയുടെ മുതൽമുടക്കിൽ ആരംഭിക്കുന്ന അവസരത്തിൽ കട്ട ഒന്നിന് ഹാൻഡ്ലിംഗ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന 10/-രൂപ പ്രകാരമുള്ള തുക, കുടുംബശ്രീ മൈക്രോ സംരംഭത്തിന്റെ വരുമാനമായി കണക്കാക്കാവുന്നതാണ്.

4) ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ കുടുംബശ്രീ രൂപീകരിക്കുന്ന യൂണിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ലൈഫ് പദ്ധതിയിലേയ്ക്ക് സേവനം നൽകുന്ന കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിയമങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

5) കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന നിർമ്മാണ സാമഗ്രികൾ, ലൈഫ് ഗുണഭോക്താക്കൾക്ക് നിലവിലെ തൊഴിലുറപ്പ് പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നൽകേണ്ടതും ഹാൻഡ്ലിംഗ് ഇനത്തിൽ കട്ട ഒന്നിന് 10/-രൂപ ഈടാക്കാവുന്നതുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും അർഹമായ കൂലിയും ഒപ്പം അസംസ്കൃതവസ്തുക്കളും നൽകേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ്. കൂടാതെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ആവർത്തനചെലവുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

6) കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ ജി.എസ്.ടി.രജിസ്ട്രേഷൻ എടുക്കേണ്ടതും ടിൻ നമ്പർ ഉള്ള ഏജൻസിയായി മാറേണ്ടതുമാണ്. പ്രസ്തുത മൈക്രോ എന്റർപ്രൈസുകൾ തുടങ്ങുന്ന സ്ഥലങ്ങളിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ നടപടിക്രമങ്ങൾക്ക് വിധേയമായി അതാത് പഞ്ചായത്തിലെ സി.ഡി.എസ്- നെ വെണ്ടർ ആയി പഞ്ചായത്തിൽ തെരഞ്ഞെടുക്കുകയും കൂടാതെ, കേന്ദ്ര സർക്കാരിൽ നിന്നും മെറ്റീരിയൽ ഫണ്ട് ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം കണക്കിലെടുത്ത് സാധന സാമഗ്രികൾ വാങ്ങുന്നതിലേക്കായി കുടുംബശ്രീ മൈക്രോ എന്റർപ്രൈസുകൾക്ക് റിവോൾവിംഗ് ഫണ്ടായി പരമാവധി 3 ലക്ഷം രൂപ വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ടിൽ നിന്നും കുടുംബശ്രീ മിഷനോ/യൂണിറ്റിനോ അനുവദിച്ച് നൽകാവുന്നതാണ്.

7) കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന/പ്രവർത്തിപ്പിക്കുന്ന യൂണിറ്റുകൾക്കും 31/3/2012-ലെ സ.ഉ(കൈ) നം.93/2012/ത.സ്വ.ഭ.വ., 13/8/2018-ലെ സ.ഉ(കൈ) നം.110/2018/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പ്രൊക്യൂർമെന്റ് ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്.

8) നിർമ്മിക്കപ്പെടുന്ന ഭവനനിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, ബലം എന്നിവയുടെ പരിശോധന പ്രദേശത്തുള്ള ഏതെങ്കിലും സാങ്കേതിക സ്ഥാപനം/ലൈഫ് മിഷൻ അക്രഡിറ്റ് ചെയ്തിട്ടുള്ള Third Party Technical Agency മുഖേന നടത്തേണ്ടതാണ്. ഗുണനിലവാരം ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ പാടുള്ളു.

9) കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്ന സിമൻറ് ബ്രിക്കുകൾ ഗുണനിലവാരം, നിർമ്മിക്കുന്ന സിമൻറ് കട്ടകളുടെ എണ്ണം ഇവ കൃത്യമായി രേഖപ്പെടുത്തി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഇങ്ങനെ സാക്ഷ്യപ്പെടുത്തിയശേഷമാണ് നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടത്.

10) കുടുംബശ്രീ മുഖേന രൂപീകരിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ് അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ്, യൂണിഫോം, ഹെൽമറ്റ്, ഗ്ലൗസ്, മാസ്ക് മുതലായവ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടത് അതത് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ആയിരിക്കും.

11) കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിക്കാതിരിക്കുകയോ യൂണിറ്റ് പ്രവർത്തിപ്പിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ആയത് അടിയന്തിരമായി അതത് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ അറിയിക്കുകയും കുടുംബശ്രീ ജില്ലാമിഷൻ ഇടപെട്ട് പ്രശ്നപരിഹാരം നടത്തേണ്ടതുമാണ്. പ്രശ്നപരിഹാരം ഇല്ലാത്തപക്ഷം യൂണിറ്റ് പിരിച്ചുവിട്ടശേഷം പുതുതായി അംഗങ്ങളെ കണ്ടെത്തി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടതാണ്.

12) വാണിജ്യാടിസ്ഥാനത്തിൽ നിർമ്മാണ സാമഗ്രികൾ വിൽക്കാൻ ഉദ്ദേശിക്കുന്നപക്ഷം മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസിന്റെ ഫണ്ട് (വേതനമായോ, മെറ്റീരിയൽ ഘടകമായോ) ഉപയോഗിക്കാൻ പാടുള്ളതല്ല.

*** **** ***

**അനുബന്ധം - 1**

ലൈഫ് ഗുണഭോക്തൃ കാർഡിൽ വരുത്തേണ്ട രേഖപ്പെടുത്തൽ

**ലൈഫ് മിഷൻ**

ശ്രീമതി ........................................ ന്റെ ഭവന നിർമ്മാണത്തിനായി ............ എണ്ണം സോളിഡ് ബ്ലോക്കും, .......... എണ്ണം വാതിൽ കട്ടിളകളും ................. എണ്ണം ജനൽ കട്ടിളകളും ................ എണ്ണം ജാളികളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

ഒപ്പ്
ഗുണഭോക്താവിൻറെ പേര്

ഒപ്പ്
ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി

ഒപ്പ്
സെക്രട്ടറി